ദേശാഭിമാനി
29 April 2018

# ഡോ. ഇ ജി സൈലാസ് അന്തരിച്ചു



കൊച്ചി > പ്രമുഖ ഫിഷറീസ് ശാസ്ത്രജ്ഞനും കേരള കാർഷിക സർവകലാശാല മുൻ വൈസ് ചാൻസലറുമായ ഡോ. ഇ ജി സൈലാസ് (90) അന്തരിച്ചു. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ), ചെന്നൈ കേന്ദ്ര ഓരുജല കൃഷി ഗവേഷണ സ്ഥാപനം (സിബ) എന്നിവയുടെ ഡയറക്ടറായും സമുദ്രോൽപ്പന്ന കയറ്റുമതി വികസന അതോറിറ്റി (എംപിഇഡിഎ) ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്. സാലിം അലി സെന്റർ ഫോർ ഓർണിത്തോളജി ആൻഡ് നാച്വറൽ ഹിസ്റ്ററി സ്ഥാപക ചെയർമാൻ, ആൻഡമാനിലെ സെൻട്രൽ അഗ്രികൾച്ചർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ ഓഫീസർ, രാജീവ് ഗാന്ധി ജലകൃഷി കേന്ദ്രത്തിന്റെ ശാസ്ത്ര ഉപദേശകസമിതി ചെയർമാൻ, സെൻട്രൽ മറൈൻ ലിവിങ് റിസോഴ്സസ് ആൻഡ് ഇക്കോളജി ശാസ്ത്ര ഉപദേശകസമിതി ചെയർമാൻ തുടങ്ങിയ പദവികളും വഹിച്ചിട്ടുണ്ട്.

സിഎംഎഫ്ആർഐയുടെ ഡയറക്ടറായിരിക്കെ സ്ഥാപിച്ച സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ മാരികൾച്ചർ ആണ് രാജ്യത്തെ സമുദ്രകൃഷി, ഗവേഷണ മേഖലകളിൽ വലിയ മുന്നേറ്റത്തിന് വഴിയൊരുക്കിയത്.

മുന്നൂറോളം ശാസ്ത്രപ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സമുദ്രമത്സ്യ മേഖലയുമായി ബന്ധപ്പെട്ട നിരവധി നയരൂപീകരണ സമിതികളിലും അക്കാദമിക ഗവേഷണ സമിതികളിലും അംഗമായിരുന്നു. അന്താരാഷ്ട്രതലത്തിൽ രാജ്യത്തെ പ്രതിനിധീകരിച്ച് നിരവധി യോഗങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.

ചിലവന്നൂർ അമ്പാടി റിട്രീറ്റ് ശാരദാ നിവാസിലായിരുന്നു താമസം. ഭാര്യ: ശാരദ സൈലാസ്. മക്കൾ: ഡോ. ഗീത സൈലാസ്, രമേശ് സൈലാസ്, ഡോ. അരുൺ സൈലാസ്. മരുമകൾ: എമി. സംസ്കാരച്ചടങ്ങുകൾ തിങ്കളാഴ്ച വൈകിട്ട് നാലിന് എറണാകുളം ബ്രോഡ്‌വേ സിഎസ്ഐ ഇമ്മാനുവൽ കത്തീഡ്രൽ. സംസ്കാരം സെമിത്തേരിമുക്ക് സിഎസ്ഐ ശ്മശാനത്തിൽ.